**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

07.06.2018- ൽ
മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 1513

## നോട്ടിഫിക്കേഷനിലൂടെ വനം വകുപ്പ് പട്ടയഭൂമി ഏറ്റെടുത്ത നടപടി

ചോദ്യം
ശ്രീ.സി. കെ. ശശീന്ദ്രൻ

മറുപടി
ശ്രീ.ഇ.ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും
വകുപ്പ് മന്ത്രി)

(എ) വയനാട് ജില്ലയിലെ വൈത്തിരി താലൂക്കിലെ വെള്ളരിമല വില്ലേജിൽ വ്യക്തികൾ കരമടച്ച് കൈവശം വെച്ചിരുന്ന പട്ടയം ലഭിച്ച ഭൂമി നോട്ടിഫിക്കേഷനിലൂടെ വനം വകുപ്പ് ഏറ്റെടുത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എ) വയനാട് ജില്ലയിൽ വൈത്തിരി താലൂക്കിൽ വെള്ളരിമല വില്ലേജിൽ വ്യക്തികൾ കരമടച്ച് കൈവശം വച്ചിരുന്ന പട്ടയം ലഭിച്ചതും അല്ലാത്തതും, 1971 - ലെ കേരള പ്രൈവറ്റ് ഫോറസ്റ്റ് (വെസ്റ്റിംഗ് & അസൈൻമെന്റ്) ആക്ട് വിവക്ഷിക്കുന്ന രീതിയിലുള്ളതുമായ സ്വകാര്യ ഭൂമികൾ സർക്കാരിലേയ്ക്ക് വിവിധ കാലഘട്ടങ്ങളിൽ നിക്ഷിപ്തമാക്കിയിട്ടുണ്ട്. 2003-ലെ കേരള (വെസ്റ്റിംഗ് & മാനേജ്മെന്റ് ഓഫ് ഇക്കോളജിക്കലി ഫ്രൈജൽ ലാൻഡ്) ആക്ട് സെക്ഷൻ 3 പ്രകാരവും സ്വകാര്യ ഭൂമികൾ സർക്കാർ ഏറ്റെടുത്തിട്ടുണ്ട്.

(ബി) ഉണ്ടെങ്കിൽ അത്തരം പരാതികളിൽ സംയുക്തപരിശോധന നടത്തണമെന്ന നിർദ്ദേശം നടപ്പിൽ വരുത്തിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഇപ്രകാരം വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ;

(ബി) & (സി) നോട്ടിഫിക്കേഷനിലൂടെ വനം വകുപ്പ് ഏറ്റെടുത്ത ഭൂമിയിൽ 01.01.1977- ന് മുമ്പ് കൈവശമുള്ള ഭൂമി പരിശോധന നടത്തുന്നുണ്ട്. വൈത്തിരി താലൂക്കിലെ സംയുക്ത പരിശോധന പൂർത്തിയായിട്ടുള്ളതാണ്.

(ഡി) സംയുക്ത പരിശോധന പൂർത്തീകരിച്ചശേഷം 4 ഏക്കർ വരെ ഭൂമി കൈവശം വച്ചിട്ടുള്ള കർഷകർക്ക് എന്നത്തേയ്ക്ക് പട്ടയം നൽകാനാകും; വിശദമാക്കുമോ?

(ഡി) സംയുക്ത പരിശോധന പൂർത്തീകരിച്ച കേസുകളിൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് പട്ടയം നൽകാൻ സാധിക്കുന്നതാണ്. ഇതിനായി കൈവശ ഭൂമി സർവ്വെ ചെയ്യുന്ന ജോലി ഇപ്പോൾ നടന്നുവരുന്നുണ്ട്. ആയത് പൂർത്തിയാക്കിയ ശേഷം കേന്ദ്ര സർക്കാരിന് ശുപാർശ സമർപ്പിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ